**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ ഉദ്ദേശിച്ച് കൃഷി വകുപ്പ് ദീർഘകാലാടിസ്ഥാനത്തിലും പുതിയതുമായ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ പയർ വർഗം, പച്ചിലവളം, പച്ചിലവളപ്രയോഗം, തടം തുറക്കൽ, വളമിടൽ, മറ്റു കൃഷിപ്പണികൾ, കീടരോഗ നിയന്ത്രണ പദ്ധതി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും |

കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു.

കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ തുടർ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്".

പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉല്പാദനത്തിൽ കുടുംബങ്ങൾ കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയം പര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉല്പാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉല്പാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉല്പാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിധ്യവത്കരണത്തിനും വഴിതെളിക്കുന്നു. ഈ കൃഷിക്കൂട്ടങ്ങളുടെ 80% ഉല്പാദന മേഖലയിലും 20% സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് സാധിക്കുന്നു. തരിശ് ഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളേയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും.

അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ

മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായും ധനസഹായം നൽകി വരുന്നു.

പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പു വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജൈവ കൃഷി പ്രോത്സാഹനം എന്ന ഘടകത്തിൽ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. അപ്രകാരം 2780 ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 208.50 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഒരു പുരയിടത്തിലെ സാധ്യമായ എല്ലാ ഉല്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 10760 ഫാം പ്ലാൻ അധിഷ്ഠിത മാതൃകാത്തോട്ടങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയും പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടുന്നുണ്ട്.<br><br>കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കാർഷിക മുന്നേറ്റത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ഉൾപ്പെടെ പ്രത്യേക പരിപാടികൾ നടപ്പാക്കുമോ; | (ബി) | കാർഷിക മുന്നേറ്റത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ് കൃഷിയിൽ യുവാക്കളുടെയും സ്കൂൾ/ കോളേജ് വിദ്യാർത്ഥികളുടെയും പങ്ക്. യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് വിവിധ പദ്ധതികൾ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല ഘടകങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>a) ഓണത്തിന് ഒരു മുറം പച്ചക്കറി<br><br>ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി<br><br>കൃഷി പ്രോത്സാഹനം<br><br>b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br><br>c) വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂളുകൾക്ക് |

| | | | |
|---|---|---|---|
| | | | അവാർഡുകൾ<br><br>d) കൃഷി പാഠശാല<br><br>e) കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പരിപാടി |
| (സി) | തോട്ടങ്ങളിൽ ഇടവിളയായി കാർഷിക ഉല്പന്നങ്ങൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | റബ്ബർ, കാപ്പി, തേയില, ഏലം എന്നിവയാണ് പ്രധാന തോട്ടവിളകൾ. ഇതിൽ റബ്ബർ, തേയില, കാപ്പി തോട്ടങ്ങളിൽ മാത്രമാണ് ഇടവിള കൃഷിക്ക് സാധ്യതയുള്ളത്. തോട്ടവിളകളുടെ ഇടയിൽ കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടവിളകൾ കൃഷി ചെയ്യുന്നതിന് കേരള കാർഷിക സർവ്വകലാശാല വിവിധ മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തെ കരമനയിലുള്ള Cropping System Research Station ഇതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കേരളത്തിലെ കർഷകർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഞങ്ങളും കൃഷിയിലേക്ക്

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ തുടർ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്". പ്രസ്തുത പദ്ധതിയിൽ കൂടി ഒരു വാർഡിൽ കുറഞ്ഞത് ഒരു കൃഷിക്കൂട്ടം/കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉല്പാദനത്തിൽ കുടുംബങ്ങൾ കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയം പര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉല്പാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉല്പാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉല്പാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിധ്യവത്കരണത്തിനും വഴിതെളിക്കുന്നു. ഈ കൃഷിക്കൂട്ടങ്ങളുടെ 80% ഉല്പാദന മേഖലയിലും 20% സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് സാധിക്കുന്നു. തരിശ് ഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളേയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും.

അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായും ധനസഹായം നൽകി വരുന്നു.

പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പ് വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന

Scanned with CamScanner

ദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

## "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക
2. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളാക്കുക
3. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക
4. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തുക
5. കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക
6. ലഭ്യമായ കൃഷിയിടെ പൂർണമായും കൃഷിയോഗ്യമാക്കുക
7. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക
8. മണ്ണിനെ സമ്പുഷ്ടമാക്കുക
9. പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക
10. കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക
11. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
12. തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക

## ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ സമീപനം

1. കാർഷിക മേഖയിലെ ഒരു തുടർ പദ്ധതിയായി "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി ആസൂത്രണം ചെയ്യുന്നു.
2. "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിൽ കൂടി കൃഷിക്കൂട്ടം കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.
3. ബാല്യകാലത്ത് തന്നെ കുട്ടികളിൽ കൃഷി സംസ്കാരം ഉണർത്തുന്നു.
4. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടു വരുന്നു.
5. കാർഷിക മേഖലയിൽ നിലവിൽ തുടരുന്നവർക്കുള്ള പിന്തുണ തുടരുന്നു.
6. പാരിസ്ഥിക മേഖല ആധാരമാക്കിയുള്ള കൃഷി രീതിയും അത് പ്രകാരമുള്ള ബഡ്ജറ്റിങ്ങും
7. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നു.
8. ജൈവ/കാർബൺ തുലിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നു.
9. പഴങ്ങൾ/പച്ചക്കറികൾ/നെല്ല് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.
10. നവീന കൃഷിരീതികൾ നടപ്പാക്കുന്നു.
11. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കാർഷിക വിളകൾക്ക് പ്രാമുഖ്യം നൽകുന്നു.
12. തരിശു ഭൂമി കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നു.
13. വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. (1 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കായി കുടുംബങ്ങളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നു).
14. കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് സാങ്കേതിക സഹായം നൽകുന്നു.
15. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുതകുമാറ് ഉല്പാദന ക്ഷമത കൂടിയ തരം തൈകൾ, വിത്തുകൾ, പാരമ്പര്യ പ്രാദേശിക വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
16. കുറഞ്ഞ പലിശ നിരക്കിൽ കൃഷിക്കുള്ള വായ്പ ലഭ്യമാക്കുന്നു.
17. കർഷക, കർഷക തൊഴിലാളി, യുവജന, പ്രവാസി, സ്ത്രീ ഗ്രൂപ്പുകൾ പരമാവധി കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുന്നു.
18. പ്രാദേശിക വിപണി ശക്തമാക്കുന്നു.
19. യന്ത്രവല്കരണം ശക്തിപ്പെടുത്തുന്നു. യന്ത്രവല്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നു.
20. മണ്ണിന്റെ പോഷക മൂല്യം, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കി കൃഷി ചെയ്യുവാൻ പ്രാപ്തരാക്കുന്നു.

Scanned with CamScanner

വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുന്നു. വിവിധ സർക്കാർ പദ്ധതികൾ ഒരുമിച്ച് കൃഷിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നു.

**കൃഷിക്കൂട്ടം**

ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം. കൃഷിക്കൂട്ടത്തിന് ഉല്പാദനം, സേവനം, സംഭരണം, വിതരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ഏർപ്പെടുവാൻ കഴിയും.

1. ഒരു വാർഡിൽ കുറഞ്ഞത് ഒരു ഗ്രൂപ്പ് എങ്കിലും പുതുതായി ആരംഭിക്കണം.
2. നിലവിലുള്ള ഗ്രൂപ്പുകളെ കൃഷിക്കൂട്ടങ്ങളായി പരിഗണിക്കാവുന്നതാണ്.
3. കാർഷിക മേഖലയിൽ പ്രവർത്തന മികവ് കൂട്ടാൻ സാധ്യതയുള്ള വ്യക്തികളെ ഉൾപ്പെടുത്തിയായിരിക്കണം ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്.
4. കുട്ടികൾ/യുവാക്കൾ/സ്ത്രീകൾ/പ്രവാസികൾ/ പ്രായമായവർ എന്നിവർക്കായി പ്രത്യേക ഗ്രൂപ്പുകൾ ആരംഭിക്കാം.
5. ഒരു കൃഷിക്കൂട്ടത്തിൽ 5 മുതൽ 25 വരെ അംഗങ്ങളുണ്ടാകണം.
6. കൃഷിക്കൂട്ടം അംഗങ്ങൾക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ചെയ്യും ഗ്രൂപ്പിൽ ഭാഗമാക്കാവുന്നതാണ്.
7. ആ പ്രദേശത്തെ AA ആയിരിക്കണം കൃഷിക്കൂട്ടത്തിന്റെ മെന്റർ.
8. കൃഷിക്കൂട്ടത്തിന് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ ഉണ്ടാകണം.
9. കൃഷിക്കൂട്ടത്തിന് പഞ്ചായത്ത് തലത്തിൽ കൃഷി വകുപ്പിന്റെ രജിസ്ട്രേഷൻ നൽകുകയും അത് AIMS പോർട്ടലിൽ ഉൾപ്പെടുത്തുകയും ചെയ്യും.
10. കൃഷിക്കൂട്ടത്തിന് സീൽ, കാഷ് ബുക്ക്, ബാങ്ക് അക്കൗണ്ട് എന്നിവ ഉണ്ടായിരിക്കണം.
11. എല്ലാ മാസവും കൃഷിക്കൂട്ടം യോഗം ചേരുകയും ഒരു തുക (കുറഞ്ഞത് 20 രൂപ) കൃഷിക്കൂട്ട അംഗങ്ങളുടെ സമ്പാദ്യമായി ശേഖരിക്കേണ്ടതുമാണ്.
12. ഇപ്രകാരം ശേഖരിക്കുന്ന തുക കൃഷിക്കൂട്ടം അക്കൗണ്ടിൽ ബാങ്കിൽ Deposit ചെയ്യേണ്ടതാണ്. ഈ ഉല്പന്നങ്ങൾ വിറ്റ് തുക ത്രിഫ്റ്റിൽ ഉൽപ്പന്നങ്ങളായും സമ്പാദ്യം സ്വീകരിക്കുന്നതാണ്. ഈ കൊള്ളിക്കേണ്ട ചുമതല കൃഷിക്കൂട്ടം സെക്രട്ടറിയ്ക്കായിരിക്കും.
13. ഈ സമ്പാദ്യം ഉപകരണങ്ങൾ വാങ്ങുന്നതിനും അംഗങ്ങൾക്ക വായ്പയായും അടിയന്തിര സാഹചര്യത്തിൽ ഉപയോഗിക്കുന്നതിനും ചെലവഴിക്കാവുന്നതാണ്. വിനിമയം സുതാര്യമായിരിക്കണം.

**ഫെഡറേറ്റഡ് ക്ലസ്റ്റർ**

1. പഞ്ചായത്തുതലത്തിൽ കൃഷിക്കൂട്ടങ്ങളുടെ ഉയർന്നതലം കൃഷി ഓഫീസർ ഉണ്ടാക്കുന്നതാണ്
2. പഞ്ചായത്ത് തലത്തിൽ കൃഷിക്കൂട്ടത്തിന് ഒരു സമിതി ഉണ്ടായിരിക്കും. കൃഷി ഓഫീസർ ഈ സമിതിയുടെ കൺവീനർ ആയിരിക്കും. പഞ്ചായത്തിലെ വാർഡുതല കൃഷിക്കൂട്ടങ്ങളുടെ പ്രതിനിധികളുടെ സെക്രട്ടറി/പ്രസിഡന്റ് എന്നിവർ പഞ്ചായത്ത് തല കൃഷിക്കൂട്ടത്തിൽ അംഗങ്ങളായിരിക്കും.
3. പഞ്ചായത്തുതല കൃഷിക്കൂട്ടത്തിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, മെന്റർ എന്നിവരെ തെരെഞ്ഞെടുക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ്/വാർഡ് മെമ്പർ സമിതിയിലെ പ്രത്യേക ക്ഷണിതാവ് ആയിരിക്കും.

**പ്രവർത്തനം**

**കൃഷിക്കൂട്ടം - ഉൽപാദന മേഖല**

Scanned with CamScanner

1. ഒറ്റയ്ക്കോറ്റയ്ക്കോ ഗ്രൂപ്പായോ കൃഷി ചെയ്യുവാനുള്ള കൃഷിയിടം കണ്ടെത്തുക. ആവശ്യമെങ്കിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ഉടമ്പടിയിൽ ഏർപ്പെടുക.
2. മണ്ണ് പരിശോധന നടത്തിക്കുക.
3. പഞ്ചായത്ത് സമിതിയുമായി ബന്ധപ്പെട്ട് സാങ്കേതിക/സാമ്പത്തിക സഹായം തേടുക.
4. വിത്ത്/വളം/യന്ത്ര സഹായം എന്നിവ തേടുക
5. കൃഷിയിടം അനുയോജ്യമായി ഒരുക്കുക.
6. ഉല്പാദന പ്ലാൻ തയ്യാറാക്കുക.
7. വിള നിർണ്ണയം നടത്തുക.
8. സംഭരണ/ വിപണന പ്ലാൻ തയ്യാറാക്കുക.
9. മൂല്യവർദ്ധനവിനുള്ള സാധ്യത തേടുക.
10. അടുത്ത വിളയിലേയ്ക്കുള്ള ഉല്പാദന പ്ലാൻ തയ്യാറാക്കുക.
11. ഡോക്യുമെന്റേഷൻ നടത്തുക.

കൃഷിക്കൂട്ടം- സേവനം/ സംഭരണം/ വിതരണം മേഖല

1. പഞ്ചായത്തിലെ ഉൽപാദന പ്ലാനിന് അനുസൃതമായ സേവന പ്രവർത്തന രേഖ തയ്യാറാക്കുക.
2. പ്രവർത്തന രേഖ നടപ്പിലാക്കുവാനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുക.
3. ആവശ്യമായ സാമ്പത്തിക/സാങ്കേതിക സഹായം ലഭ്യമാക്കുക.
4. ആവശ്യമായ ചുമതല അംഗങ്ങൾക്ക് നിശ്ചയിച്ച് നൽകുക.
5. സേവനം/സംഭരണങ്ങളുമായി ബന്ധപ്പെടേണ്ട കൃഷിക്കൂട്ടങ്ങളെ കണ്ടെത്തുക. മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ കണ്ടെത്തുക.
6. സേവനം/സംഭരണം/മൂല്യവർദ്ധനവ് ആരംഭിക്കുക.
7. പ്രാദേശിക വിപണി കണ്ടെത്തുക.
8. അടുത്ത ഉത്പാദന പ്ലാൻ അടിസ്ഥാനമാക്കി സംഭരണ/സേവന പ്ലാൻ മുൻകൂട്ടി തയ്യാറാക്കുക.
9. **കാർഷിക കർമ്മസേനയോ തത്തുല്യ സേവന ഗ്രൂപ്പുകളോ മുഖേന സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുക.**

കൃഷിക്കൂട്ടം - വിപണന/ മൂല്യവർദ്ധന മേഖല

1. മൂല്യ വർദ്ധനവ് നടപ്പിലാക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക
2. ഇവയ്ക്ക് ആവശ്യമായ സാങ്കേതികവിദ്യകൾ സ്വായത്തമാക്കുക
3. മൂല്യവർദ്ധനവ് അധിഷ്ഠിതമായ ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
4. മൂല്യവർദ്ധന മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ കണ്ടെത്തുക. - വ്യവസായ വകുപ്പ്, കുടുംബശ്രീ, മൃഗസംരക്ഷണവകുപ്പ് etc.
5. കാർഷിക മേഖലയിലെ ഡിജിറ്റൽ സാങ്കേതിക വിദ്യ പരമാവധി ഫലപ്രദമായി ഉപയോഗിക്കുക.

Scanned with CamScanner

2022-23 സാമ്പത്തിക വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റു പ്രധാന പദ്ധതികൾ:

## (1) കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം

വിളയാധിഷ്ഠിത സമീപനത്തിൽ നിന്നും മാറി സംയോജിത-ബഹുവിളകൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ നിലവിലുള്ള കൈവശഭൂമിയിൽ നിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷികവിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണരേഖ പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക. ഈ സമീപനത്തിൽ കാർഷിക അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയും ഉൾപ്പെടും. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെ പറയുന്നവയാണ്.

- കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.
- ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി
- കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

## (2) വിള വിസ്തൃതി വർദ്ധനവും വികസനസമീപനവും

കർഷകർക്ക് പിന്തുണ നൽകികൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമാണ് ഈ സമീപനം ലക്ഷ്യമിടുന്നത്. ഈ സമീപനത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**i) നെൽകൃഷി വികസന പദ്ധതി** - തരിശുനിലകൃഷി, ഒരുപൂ കൃഷി ഇരുപൂ കൃഷിയിലേയ്ക്കു മാറ്റുക, കരനെൽകൃഷി എന്നീ പരിപാടികളിലൂടെ വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവയയാണ് നെൽകൃഷി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സവിശേഷ നെല്ലിനങ്ങളുടെ കൃഷിയും ഇതിലൂടെ പ്രോത്സാഹിപ്പിക്കും. കരനെൽകൃഷിക്കും പ്രോത്സാഹനം നൽകും. നല്ലയിനം നെൽ വിത്ത് ഉല്പാദിപ്പിക്കുന്നതിന് രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിലൂടെ നെൽ വിത്തുല്പാദനം നടപ്പിലാക്കും. കോൾ നിലങ്ങളിൽ ഇരുപൂ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പറേഷൻ ഡബിൾ കോൾ എന്ന ഘടകം നടപ്പിലാക്കും. പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം ബ്ലോക്ക്തല സംയോജനത്തോടെ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പിന്തുണ നൽകും.

**ii) പച്ചക്കറി വികസനം** - പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസനം - മഴമറ, സ്ഥിരം പന്തലുകൾ, ജലസേചനം മുതലായവ, വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടികൾക്കുള്ള പിന്തുണ, പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

**iii) നാളികേര വികസനം** - ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും

Scanned with CamScanner

മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടികളും - നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും, കേരരക്ഷാവാരം, കേരഗ്രാമം പ്രവർത്തനങ്ങൾ, വിത്തുതേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും എന്നീ ഘടകങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

**iv) സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം** - കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, സഹകരണം, ജലസേചനം എന്നീ വകുപ്പുകളുമായി ഏകോപിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു യൂണിറ്റ് പ്രദേശത്തിന് വർദ്ധിച്ച ആദായവും കർഷകർക്ക് ഉറപ്പായ വരുമാനവും ഉറപ്പാക്കാൻ സംയോജിത കൃഷി സംവിധാനം കൃഷിവകുപ്പ് പ്രോത്സാഹിപ്പിച്ചുവരുന്നു.

**(3) കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും**

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോൽപ്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തതും കാര്യക്ഷമവുമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ സാമ്പത്തിക വർഷത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വിപണി വികസനത്തിനുള്ള പദ്ധതികൾ, വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ സഹായം, കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - ബേസ് പ്രൈസ് പദ്ധതി, വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

**(4) വരുമാനം ഉറപ്പാക്കലും നഷ്ട സാദ്ധ്യതാ ലഘൂകരണവും**

നഷ്ട സാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പ് വരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു. സംസ്ഥാന വിള ഇൻഷുറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര നടപടി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

**(5) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും** - കൃഷിവകുപ്പിന്റെ കീഴിലുള്ള 64 ഫാമുകൾ മുഖേനയും മൂന്നു ടിഷ്യുകൾച്ചർ ലാബുകൾ മുഖേനയും വാഴ, നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗ വിളകൾ, സുഗന്ധ വിളകൾ മുതലായവയുടെ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കുന്നു.

**6) മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും** - കേരളത്തിലെ മണ്ണിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം പോലുള്ള വസ്തുക്കളുടെ പ്രയോഗവും സമീകൃത വളപ്രയോഗത്തിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**7) വിള ആരോഗ്യപരിപാലനം** - വിള ആരോഗ്യ പരിപാലന പദ്ധതിയിൽ കീടരോഗ നിരീക്ഷണ പ്രവർത്തനങ്ങൾ, സസ്യആരോഗ്യ ക്ലിനിക്കുകൾ, കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) മുഖേനയുള്ള കീടരോഗ നിരീക്ഷണം, കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രകൃതിസൗഹാർദ്ദ മാർഗ്ഗ നിർദ്ദേശ ബുള്ളറ്റിനുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

**8) ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം** - യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവനപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ഇവയെ സംയോജിപ്പിച്ച് കാർഷിക മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി (കൃഷിശ്രീ സെന്ററുകൾ) വികസിപ്പിക്കുന്നതിനും എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

**(9) കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**i) ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ** - മിഷൻ ഓൺ ഇന്റഗ്രേറ്റഡ്

Scanned with CamScanner

ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ - എം.ഐ.ഡി.എച്ച് - 30 മുതൽ 55% ശതമാനം വരെയും കമ്മ്യൂണിറ്റി ഇറിഗേഷനും മാനവ ശേഷി വികസനത്തിനുമായി 100 ശതമാനം കേന്ദ്ര ധനസഹായം ലഭ്യമാണ്.

**ii) രാഷ്ട്രീയ കൃഷി വികാസ് യോജന - ആർ.കെ.വി.വൈ -** പദ്ധതി അധിഷ്ഠിത കാർഷിക പ്രവർത്തനങ്ങൾക്ക് 25-100 ശതമാനം വരെ കേന്ദ്ര ധനസഹായം ലഭ്യമാണ്.

**iii) കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി -** സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ - 40 മുതൽ 80% ശതമാനം വരെ കേന്ദ്ര ധനസഹായം ലഭ്യമാണ്.

ധാന്യ വിളകളുടെയും എണ്ണക്കുരു എണ്ണപ്പന എന്നിവ ഉൾപ്പെടെയുള്ള മറ്റ് ഭക്ഷ്യയോഗ്യമായ എണ്ണ ഉല്പാദിപ്പിക്കുന്ന വിളകളുടെയും ഉല്പാദന വർദ്ധനവിനായി - ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ - എൻ.എഫ് .എസ് .എം. - 40 മുതൽ 50% ശതമാനം വരെയും പരിശീലന പരിപാടികൾക്കും വിജ്ഞാന വ്യാപന പ്രദർശന പരിപാടികൾക്കും 100 ശതമാനം കേന്ദ്ര ധനസഹായം തെരഞ്ഞെടുത്ത ജില്ലകളിൽ ലഭ്യമാണ്.

ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും, കർഷകർക്കായി പരിശീലന പരിപാടികൾ, പഠനയാത്രകൾ, വിജ്ഞാന വ്യാപന-പ്രദർശന പരിപാടികൾ നടപ്പിലാക്കുന്നതിനായി - കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ദേശീയ പദ്ധതി- **എസ്.എം.എ.ഇ. -** 100 ശതമാനം കേന്ദ്ര ധനസഹായം ലഭ്യമാണ്.

തെങ്ങു കൃഷി വ്യാപനം, പുനരുജ്ജീവനം എന്നിവയ്ക്കായി നാളികേര വികസന ബോർഡ് പദ്ധതികൾ - 50 -100 ശതമാനം കേന്ദ്ര ധനസഹായം ലഭ്യമാണ്.

കാർഷിക ഉപയോഗത്തിനായി സാങ്കേതിക ജലസേചന രീതികൾ പ്രചരിപ്പിക്കുന്നതിന് പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന - പി.എം.കെ.എസ്.വൈ - 45-55% കേന്ദ്ര ധനസഹായം ലഭ്യമാണ്.

കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ കർഷകരുടെ ജീവിത ശൈലി മെച്ചപ്പെടുത്തുന്നതിനും സംയോജിത കൃഷിരീതിയിലൂടെ ഉല്പാദന വർദ്ധനവും സുസ്ഥിരമായ വരുമാനവും ലഭ്യമാക്കുന്നതിന് - റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി - 25 മുതൽ 100% കേന്ദ്ര ധനസഹായം ലഭ്യമാണ്.

കാർഷിക ആവശ്യത്തിനായി മണ്ണ് പരിശോധിച്ച് അതിന്റെ അവസ്ഥ മനസ്സിലാക്കുന്നതിന് സോയിൽ ഹെൽത്ത് കാർഡ് - 100% കേന്ദ്ര ധനസഹായം ലഭ്യമാണ്.

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ സീഡ്സ് - ഓയിൽ പാം (NMEO-OP) പ്രകാരം ഓയിൽ പാം കൃഷി വ്യാപിപ്പിക്കുന്നതിനായി ഹെക്ടറിന് 10500 രൂപയും, ഇടവിള കൃഷിക്ക് ഹെക്ടറിന് 10500 രൂപയും നൽകുന്നു.

**സെക്ഷൻ ഓഫീസർ**

Scanned with CamScanner